പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2316 — 18.06.2014- ൽ മറുപടിക്ക്

## ശുചിത്വ മിഷൻ, ദേശീയ ആരോഗ്യ മിഷൻ എന്നിവയിൽ നിന്നുള്ള ഫണ്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. ദാസൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ പ്രാധാന്യം സർക്കാർ ഉൾക്കൊണ്ടിട്ടുണ്ടോ; | എ) | തീർച്ചയായും ഉൾക്കൊണ്ടിട്ടുണ്ട്. അതുകൊണ്ട് തന്നെയാണ് 2014 ജനവരി 2-ന് ആരോഗ്യ വകുപ്പ് സെക്രട്ടറിയും ഫെബ്രുവരി12-നും മേയ് 5-നും ബഹു. മുഖ്യമന്ത്രിയും, ആരോഗ്യ വകുപ്പ് മന്ത്രിയും ആലോചനാ യോഗങ്ങളും അവലോകനയോഗങ്ങളും വിളിച്ചുകൂട്ടി മഴക്കാലപൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയത്. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, മറ്റ് വകുപ്പുകൾ, ശുചിത്വ മിഷൻ വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും താഴെത്തട്ടിലും നിർദ്ദേശങ്ങൾ നൽകി. ഇതനുസരിച്ച് വാർഡ്തലം വരെ യോഗങ്ങൾ നടത്തി. ആക്ഷൻ പ്ലാൻ തയ്യാറാക്കി ശുചീകരണം നടത്തുകയുണ്ടായി. |
| ബി) | മഴക്കാലം ആരംഭിച്ചിട്ടും മഴക്കാല പൂർവ്വ ശുചീകരണം നടത്താത്തത് പകർച്ചവ്യാധികളുടെ വ്യാപനത്തിനിടയാക്കുമെന്ന് കരുതുന്നുണ്ടോ; | ബി) | മഴക്കാല പൂർവ്വ ശുചീകരണം മഴക്കാലം ആരംഭിക്കുന്നതിന് മുമ്പേ തന്നെ നടത്തിയിരുന്നു. എന്നാൽ പല സ്ഥലങ്ങളിലും അതിനിടയ്ക്ക് വേനൽമഴ പെയ്തിരുന്നു. ഈ വർഷം ആരോഗ്യവകുപ്പും ശുചിത്വമിഷനും തദ്ദേശ സ്വയംഭരണ വകുപ്പും ഒത്തൊരുമിച്ച് മഴക്കാല പൂർവ്വ ശുചീകരണം നടത്തി. ശുചീകരണത്തോടൊപ്പം കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പൈനുകൾ ഏപ്രിൽ, മേയ് മാസങ്ങളിലും ജല ശുദ്ധീകരണ ക്യാമ്പൈൻ മേയ് മാസത്തിലും നടത്തി. തൽഫലമായി 2013-ലെ സമാന കാലയളവുമായി തട്ടിച്ചു നോക്കുമ്പോൾ പനി, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതിനായി ശുചിത്വമിഷൻ, ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ എന്നിവയിൽ നിന്നുള്ള ഫണ്ട് എന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത്; | സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| ഡി) | ഇതു സംബന്ധിച്ച് ജില്ലാതലത്തിൽ ചേർന്ന ഉന്നതതല യോഗങ്ങളുടെ തീരുമാനം എന്തായിരുന്നു; അത് പ്രാവർത്തികമായോ എന്ന് പരിശോധിച്ചിരുന്നോ? | ഡി) | 1. പ്രാദേശിക പ്രശ്നങ്ങൾക്കും പ്രത്യേകതകൾക്കുമനുസരിച്ചുള്ള പരിഹാരം ഉൾപ്പെടുന്ന ആക്ഷൻ പ്ലാൻ തയ്യാറാക്കുവാനായിരുന്നു ഒരു തീരുമാനം. എല്ലാ ജില്ലകളിലും അത്തരം ആക്ഷൻ പോയിന്റുകൾ ഉൾപ്പെടുന്ന ആക്ഷൻ പ്ലാൻ തയ്യാറാക്കി.<br>2. വിവിധ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുവാൻ ജില്ലാതലം മുതൽ പഞ്ചായത്തുതലംവരെ കോ-ഓർഡിനേഷൻ യോഗങ്ങൾ വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചത് ഏറെക്കുറെ പൂർണ്ണമായി നടത്തുകയുണ്ടായി.<br>3. മഴക്കാലപൂർവ്വ ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണത്തിനുള്ള ക്യാമ്പെയിനുകളും ജലശുദ്ധീകരണ ക്യാമ്പെയിനും തീരുമാന പ്രകാരം നടപ്പിലാക്കി.<br>4. വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതികൾ വാർഡ് തലത്തിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.<br>5. സ്കൂൾ കുട്ടികൾ ബുധനാഴ്ചകളിൽ ആരോഗ്യപ്രതിജ്ഞ എടുത്തുവരുന്നു.<br>6. സ്കൂളിലും വീടുകളിലും സ്ഥാപനങ്ങളിലും ജൂൺ മാസം എല്ലാ ആഴ്ചയും ഡ്രൈഡേ ആചരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>7. ഇതരസംസ്ഥാന തൊഴിലാളികളുടെ രോഗ പരിശോധന നടത്തിവരുന്നു.<br>8. ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കൽ, ഭക്ഷണശാലകളിലെ പരിശോധന, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പ് പരിശോധന, ശുചീകരണം, മാലിന്യ നിർമ്മാർജനം തുടങ്ങിയവയിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഊർജ്ജിതമാക്കി. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**